(ഇ) ഇതര സംസ്ഥാന കട്ടികളുടെ കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ ശിപാർശയും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് & അദർ ചാരിറ്റബിൾ ഹോംസിന്റെ അനുമതിയും ആവശ്യമാണ്.

(എഫ്) അനാഥ മന്ദിരങ്ങളിൽ 1668 ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള കട്ടികളെ പാർപ്പിച്ചിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ

188 (5541)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വാടകകുടിശ്ശിക ഒടുക്കാത്തത് കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പ്രസ്തുത അങ്കണവാടികളെ സ്വന്തം കെട്ടിടങ്ങളിലേക്കു മാറ്റി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(സി) പ്രസ്തുത അങ്കണവാടികളുടെ വാടക കുടിശ്ശിക അടിയന്തരമായി തീർപ്പാക്കി സുഗമമായ നടത്തിപ്പിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വാടകകുടിശ്ശിക കൊടുക്കാത്തത് കാരണം ഒഴിഞ്ഞ് നൽകണമെന്ന അപേക്ഷകൾ ലഭ്യമായിട്ടില്ല. എന്നാൽ അങ്കണവാടികൾ കൂടിയൊഴിക്കൽ ഭീഷണിയിൽ എന്ന തലക്കെട്ടുകളോടുകൂടിയുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിലെ മുഴുവൻ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുക എന്നത് വകുപ്പിന്റെ ലക്ഷ്യമാണ്. സ്വന്തമായി സ്ഥലം ലഭ്യമാകുന്ന എല്ലാ അങ്കണവാടികൾക്കും നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി, മാതൃകാ അങ്കണവാടി പദ്ധതി, പ്ലാൻ ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചുവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 21162 അങ്കണവാടികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും എല്ലാ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി തുക ലഭ്യമാകുന്ന മുറയ്ക്ക് വാടക നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly